# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2100** **17/02/2016-ൽ മറുപടിക്ക്**

## ഇലക്ട്രിക്കൽ സെക്ഷനാഫീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആരംഭിച്ച ഇലക്ട്രിക്കൽ സെക്ഷനാഫീസുകളുടെ വിശദവിവരം ലഭ്യമാക്കാമോ ; | (എ) വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. |
| (ബി) ഇലക്ട്രിക്കൽ സെക്ഷനാഫീസുകൾ ഇല്ലാത്ത ഏതൊക്കെ സ്ഥലങ്ങളിലാണ് ഓവർസിയർ ആഫീസുകൾ നിലവിലുള്ളത്; ഈ ഓഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെ; ആഴ്ചയിൽ ഏതൊക്കെ ദിവസങ്ങളിലായാണ് ഈ ഓഫീസുകൾ പ്രവർത്തിക്കുന്നത്; | (ബി) നിലവിലുള്ള ഓവർസിയർ ഓഫീസുകളുടെ വിശദവിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.<br>ഉപഭോക്താക്കളെ മുൻകൂട്ടി അറിയിച്ചിട്ടുള്ള നിശ്ചിത ദിവസങ്ങളിൽ വൈദ്യുതി ചാർജ്ജ് സ്വീകരിക്കുക, വൈദ്യുതി സംബന്ധമായ പരാതികൾ സ്വീകരിക്കുക, അവ പരിഹരിക്കുക, സർവ്വീസ് കണക്ഷൻ നൽകുക മറ്റ് മെയിന്റനൻസ് ജോലികൾ ചെയ്യുക തുടങ്ങിയ സേവനങ്ങളാണ് ഓവർസിയർ ഓഫീസിൽ നിന്നും ലഭ്യമാകുന്നത്. പൊതു അവധി ദിവസങ്ങൾ ഒഴികെയുള്ള ദിവസങ്ങളിൽ ഓവർസിയർ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) വടശ്ശേരിക്കര ഇലക്ട്രിക്കൽ സെക്ഷനാഫീസിനു കീഴിലുള്ള ഗാർഹിക, ഗാർഹികേതര ഉപഭോക്താക്കളുടെ എണ്ണം എത്രയാണ് എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (സി) |

| | |
|---|---|
| ഗാർഹികം | 15912 |
| വാണിജ്യം | 2399 |
| കാർഷികം | 12 |

(....2)

| | |
|---|---|
| വ്യവസായികം | 143 |
| മറ്റുള്ളവ | 12 |
| ആകെ. എൽ.റ്റി. | 18478 |
| ആകെ. എച്ച്.റ്റി. | 9 |

(ഡി) പ്രസ്തുത ഓഫീസിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളും അവയിൽ നിലവിൽ ഒഴിവുള്ള തസ്തികകളും ഏതൊക്കെ എന്ന് വ്യക്തമാക്കാമോ;

(ഡി)

| തസ്തിക | അനുവദിക്കപ്പെട്ട എണ്ണം | ഒഴിവുകൾ |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 | - |
| സീനിയർ സൂപ്രണ്ട് | 1 | 1 |
| സീനിയർ അസിസ്റ്റന്റ് | 2 | - |
| കാഷ്യർ | 2 | - |
| സബ് എഞ്ചിനീയർ | 4 | - |
| ഓവർ സീയർ | 7 | 2 |
| മീറ്റർ റീഡർ | 5 | 5 |

(ഇ) ശബരിമല ഉൾപ്പെടെയുള്ള വളരെ വിശാലമായ പ്രദേശത്തിന് ഒരേയൊരു സെക്ഷനാഫീസ് മാത്രമാണ് ഉള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതൊക്കെ പഞ്ചായത്തുകളാണ് ഈ സെക്ഷന്റെ പരിധിയിൽ വരുന്നത്;

(എഫ്) ജനങ്ങൾ അനുഭവിക്കുന്ന കഷ്ടപ്പാട് പരിഗണിച്ച് വടശ്ശേരിക്കര സെക്ഷനാഫീസ് വിഭജിച്ച്, പെരുനാട് കേന്ദ്രമാക്കി ഒരു പുതിയ സെക്ഷനാഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**(ഇ)യും ()എഫ്) ഉം**

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വടശ്ശേരിക്കര, റാന്നി പെരുനാട്, നാറണമൂഴി എന്നീ പഞ്ചായത്തുകൾ മുഖ്യമായും, മലയാലപ്പുഴ, റാന്നി, പഴവങ്ങാടി, മൈലപ്ര എന്നീ പഞ്ചായത്തുകൾ ഭാഗികമായും വടശ്ശേരിക്കര ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന വടശ്ശേരിക്കര, കക്കാട് എന്നി ഇലക്ട്രിക്കൽ സെക്ഷനുകളിൽ വരുന്ന പ്രദേശങ്ങൾ ഉൾപ്പെടുത്തി റാന്നി പെരുനാട് കേന്ദ്രമാക്കി ഇലക്ട്രിക്കൽ സെക്ഷൻ ഓഫിസ് ആരംഭിക്കുന്നത് നിലവിലുള്ള മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പരിഗണിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്